TB Movie Panel Weekly Review

**#moviepanel**

Sara's

Written By: Lijo Rachel George

2021 ജൂലൈ 5 നു ആമസോൺ പ്രൈം എന്ന ഒടിടി പ്ലാറ്റ്ഫോം റിലീസ് ആയ മറ്റൊരു സ്ത്രീ പക്ഷ സിനിമയാണ് ജൂഡ് ആന്റണി ജോസഫ് സംവിധാനം ചെയ്ത Sara's. ഒരേ ചേരുവകൾ ഉപയോഗിച്ച് നിർമ്മിക്കപ്പെട്ട ഒരു പറ്റം ത്രില്ലർ -ഹൊറർ ഴോണർ (genre) സിനിമകൾക്കിടയിൽ നിന്നും വേറിട്ട രീതിയിലുള്ളൊരു പ്രമേയം, അതാണ് Sara's.കോറോണയും ലോക്ക് ഡൗണും വരുത്തി വെച്ച നിയന്ത്രണങ്ങളുടെ ഭാഗമായി ഒരു മുറിയിലേക്കോ വീട്ടിലേക്കോ മാത്രം സിനിമകളുടെ ലൊക്കേഷൻ ചുരുക്കേണ്ടി വന്ന ഒരു സാഹചര്യത്തിന്റെ പ്രതിഫലനമാണ് കഴിഞ്ഞ ഒരു വർഷക്കാലം റിലീസ് ചെയ്ത മിക്കവാറും സിനിമകളിൽ പൊതുവായിട്ടുള്ള ഇരുണ്ട ഫ്രെയിമുകളും പശ്ചാത്തലവും എല്ലാം. ഇതിൽ നിന്നെല്ലാമൊക്കെ വ്യത്യസ്തമായ ഒരു feel good അനുഭവം നല്കുന്ന ഫാമിലി മൂവിയാണ് Sara's.

Feel-good സിനിമകളുടെയും സ്ത്രീപക്ഷ സിനിമകളുടെയും സംവിധായകൻ എന്ന് വിളിക്കാവുന്ന ആളാണ് ജൂഡ്.ആദ്യ ചിത്രമായ 'ഓം ശാന്തി ഓശാന'യിൽ , കൗമാരക്കാരിയായ പൂജയുടെ മനസ്സിലെ സ്വപ്നങ്ങളിലൂടെ സഞ്ചരിച്ചു കൊണ്ടു പ്രണയത്തിന്റെ മായാലോകം പ്രേക്ഷകന് മുൻപിൽ കാഴ്ച വെച്ചതിനൊപ്പം മത മൈത്രിയുടെ സന്ദേശം കൂടി പറഞ്ഞു വെച്ച ജൂഡ്,തന്റെ രണ്ടാം ചിത്രമായ 'ഒരു മുത്തശ്ശി ഗദ'യിൽ വാർദ്ധക്യ കാലത്തെ സ്ത്രീ ജീവിതത്തെ വ്യത്യസ്തമായ രണ്ടു വീക്ഷണ കോണിലൂടെ നമുക്ക് കാണിച്ചു തന്നു.അഞ്ചു വർഷങ്ങൾക്ക് ശേഷമെത്തുന്ന ജൂഡ് ചിത്രമായ Sara's സ്ത്രീ ജീവിതത്തിന്റെ യൗവന കാലഘട്ടമാണ് കൂടുതലായും കാണിക്കുന്നത്.

ലോക്ക് ഡൌൺ നിയന്ത്രണങ്ങൾ മൂലം തന്റെ പുതിയ ചിത്രം നീട്ടി വെയ്ക്കേണ്ടി വന്ന സാഹചര്യത്തിൽ ഇപ്പോഴത്തെ പരിമിതമായ സാഹചര്യത്തോട് ചേർന്ന് നിന്നു കൊണ്ടു തന്നെ തന്റെ സാന്നിധ്യം പ്രേക്ഷകർക്ക് ബോധ്യപ്പെടുത്തണം എന്ന ജൂഡിന്റെ ചിന്തയുടെ നല്ലൊരു പ്രതിഫലനമാണ് സാറാസ്.പ്രേക്ഷകർക്കായി നടത്തിയ ചെറിയൊരു കഥാ മത്സരത്തിൽ നിന്നും കിട്ടിയതാണ് ഇതിന്റെ കഥ.ഒരു ഡോക്ടർ കൂടി ആയതിനാലാവും ചിലപ്പോൾ അദ്ദേഹത്തിന് ഇങ്ങനെയൊരു കഥാ തന്തു മനസ്സിൽ തോന്നിയത്.ഇത്തരമൊരു വേറിട്ട രീതിയിൽ ചിന്തിക്കാൻ സാധിച്ചു എന്നത് കൊണ്ടു തന്നെ അക്ഷയ് ഹരീഷ് എന്ന വ്യക്തി ഒരുപാട് ബഹുമാനം അർഹിക്കുന്നു.ഇതുവരെ ആരും ചർച്ച ചെയ്തിട്ടില്ലാത്തതും

കാലിക പ്രസക്തവും എന്നാൽ അതിനേക്കാളുപരിയായി ഒരുപാട് വിമർശനങ്ങൾ ഏറ്റു വാങ്ങിയേക്കാവുന്നതുമായ ഒരു വിഷയം,തന്റെ സിനിമയിൽ കൈകാര്യം ചെയ്യാനുള്ള ധൈര്യം കാണിച്ചു എന്നതായ ജൂഡിന്റെ നീക്കം തികച്ചും ശ്ലാഘനീയം തന്നെ.

ചിത്രത്തിലെ ഗാനങ്ങൾക്ക് സംഗീതം നല്കിയിരിക്കുന്നത് ഷാൻ റഹ്മാനും പാട്ടുകൾ എഴുതിയത് മനു മഞ്ജിത്തും ജോ പോളും ഷാൻ റഹ്മാനും ചേർന്നാണ്.5 പാട്ടുകൾ ഉള്ള ചിത്രത്തിലെ പാട്ടുകൾ പാടിയിരിക്കുന്നത് ഷാനും വിനീത് ശ്രീനിവാസനും സൂരജ് സന്തോഷും ഗൗരി ലക്ഷ്മിയും ഒപ്പം ദിവ്യ വിനീതും ചേർന്നാണ്.ഗായിക എന്ന നിലയിൽ വിനീത് ശ്രീനിവാസന്റെ ഭാര്യ ദിവ്യയുടെ അരങ്ങേറ്റ ചിത്രം കൂടിയാണ് ഇത്. അവരൊരുമിച്ചു പാടുന്ന ഒരു പാട്ടും സിനിമയിൽ ഉണ്ടെന്നുള്ളത് മറ്റൊരു കൗതുകം.ഔട്ട്ഡോർ സീനുകൾ തീരെ കുറവായിരുന്നിട്ടു കൂടി ഉള്ളത് ഏറ്റവും മനോഹരമായ ഫ്രെയിമുകളിൽ ചെയ്തിരിക്കുന്ന സിനിമയുടെ ഛായാഗ്രാഹകൻ നിമിഷ് രവിയും എഡിറ്റിംഗ് നിർവഹിച്ചിരിക്കുന്നത് റിയാസ് കെ ബാധറും ആണ്.കൊച്ചിയും വാഗമണുമാണ് ചിത്രത്തിന്റെ ലൊക്കേഷനുകൾ. അതിൽ തന്നെ 2 ഫ്ലാറ്റുകളിലാണ് സിനിമയുടെ ഭൂരിഭാഗവും ചിത്രീകരിച്ചിട്ടുള്ളത്.PK മുരളീധരനും ശാന്തയും ചേർന്നാണ് വെറും 118 മിനിറ്റ് മാത്രമുള്ള ഈ ചെറിയ ചിത്രം നിർമിച്ചിരിക്കുന്നത്

ഈ സിനിമയുടെ title card ശ്രദ്ധിച്ചാലറിയാം,മിക്കവാറും പേരുകൾ എഴുതി കാണിക്കുന്നത് പിങ്ക് നിറത്തിലാണ്. പിങ്ക് എന്നാൽ നമ്മുടെ സമൂഹത്തിന് പെൺകുട്ടി എന്നതിന്റെ പ്രതീകമാണ്. അതുപോലെ തന്നെ സാറയും ഒപ്പം ജീവനും ഒരു പ്രതീകമാണ്, എണ്ണത്തിൽ ന്യൂനപക്ഷത്ത് വരുന്ന, നമ്മുടെ സമൂഹത്തിൽ തന്നെയുള്ള നമുക്ക് തികച്ചും അപരിചിതരായിട്ടുള്ള ചിലരുടെ പ്രതീകം.സിനിമയുടെ പേര് എഴുതിയിരിക്കുന്നത് നോക്കിയാലോ Saras എന്നോ സാറാസ് എന്നോ അല്ല Sara's എന്ന് കൃത്യമായി എഴുതിയിരിക്കുന്നു,എന്ന് വെച്ചാൽ സാറയുടെ എന്നർത്ഥം.സാറയുടെ ജീവിതം അവളുടെ തീരുമാനങ്ങൾക്കു അനുസരിച്ച് എന്നത് തന്നെ.അതേ!ഇത് സാറയുടെ കഥയാണ്. സാറാ എന്ന കൗമാരക്കാരിയുടെ,അതിനേക്കാൾ, സാറാ എന്ന, ആഗ്രഹങ്ങളും സ്വപ്നങ്ങളും ഉള്ള യുവതിയുടെ കഥയാണ്.

കൗമാരം മുതൽ പ്രസവിക്കാൻ ഇഷ്ടമില്ലാത്ത ഒരു കുട്ടിയാണ് സാറ.മുതിർന്ന ശേഷവും തീരെ ചെറിയ കുട്ടികളെ കൈകാര്യം ചെയ്യാൻ അറിയാതെ അല്ലെങ്കിൽ അതിനുള്ള കഴിവ് ഇല്ലാതെ അവൾ ബുദ്ധിമുട്ടുന്നു.ഒപ്പം കോളേജ് കാലം മുതല്ക്കെ സിനിമ ഇഷ്ടപ്പെടുന്ന ഒരാളും കൂടിയാണ് സാറാ.അങ്ങനെയുള്ള സാറയുടെ ജീവിതത്തിലേക്ക് തികച്ചും ആകസ്മികമായി ഒരു പുരുഷൻ കടന്നു വരുന്നതും രണ്ടു പേരുടെയും താത്പര്യങ്ങളിലുള്ള സാമ്യത മൂലം അവർ തമ്മിൽ ഒരു ഇഷ്ടം രൂപപ്പെടുന്നതിനെ തുടർന്നുണ്ടാകുന്ന സംഭവ വികാസങ്ങളുമാണ് സാറാസിന്റെ ഇതിവൃത്തം.ഒരു സാധാരണ പെൺകുട്ടി എന്നതിനും

അപ്പുറത്ത്, സിനിമയിൽ സഹ സംവിധായകയായും മറ്റും പ്രവർത്തിച്ച അനുഭവമുള്ള കഥകൃത്തും കൂടിയായ സാറ,വർഷങ്ങളായി താൻ ഒരു ത്രില്ലർ സിനിമയുടെ സംവിധായിക ആകുന്നതു വലിയൊരു സ്വപ്നമായി മനസ്സിൽ കൊണ്ടു നടക്കുന്നവളും കൂടിയാണ്.

അതുപോലെ തന്നെ ഒരു സ്ത്രീ ആയി പോയി എന്നത് കൊണ്ടു മാത്രം, തന്റെ സങ്കല്പത്തിലെ സിനിമ സൃഷ്ടിക്കാൻ സാറ എത്രത്തോളം കഷ്ടപെടുന്നുവെന്നുള്ളതും ചുറ്റുമുള്ളവരിൽ നിന്നും മാനസികമായും വൈകാരികമായും ഏതൊക്കെ രീതിയിൽ ചൂഷണം ചെയ്യപ്പെടുന്നുവെന്നുള്ളതും കൂടി സിനിമയിൽ കാണിക്കുന്നുണ്ട്. സിനിമയെ പറ്റിയുള്ള സിനിമക്കാരുടെ തന്നെ പാരമ്പരാഗത സങ്കൽപ്പങ്ങളെ പറ്റിയും ഒപ്പം കല്യാണം പോലെയുള്ള കാര്യങ്ങളിൽ ക്രിയാത്മകമായ കഴിവുകൾ ഉപയോഗിച്ച് മുന്നേറേണ്ട സിനിമ പോലെയുള്ള മേഖലകളെ എതിർക്കുകയും കൃത്യമായ ശമ്പളമുള്ള ജോലികളോട് സമൂഹത്തിനുള്ള പ്രത്യേക താത്പര്യവും ഇതിൽ പറഞ്ഞു പോകുന്നുണ്ട്.അതോടൊപ്പം തന്നെ ഭാര്യമാർക്ക് അവരുടെ ജോലിയും career ഒക്കെ തുടർന്നു കൊണ്ടു പോകുന്നതിനെ എതിർക്കുകയും അതേ സമയം മറ്റുള്ളവരുടെ മുൻപിൽ ഭാര്യക്ക് സർവ സ്വാതന്ത്ര്യവും പരിപൂർണമായ പിന്തുണയും നല്കുന്ന ആളെന്ന തരത്തിലുള്ള പൊങ്ങച്ചം പറച്ചിലിലെ പൊള്ളത്തരവും വളരെ അർത്ഥവത്തായ രീതിയിൽ സിനിമ നമുക്ക് കാണിച്ചു തരുന്നുണ്ട്.പ്രസവിക്കാനുള്ള ഉപകരണമായി മാത്രം ഭാര്യമാരെ കാണുന്ന ഭർത്താക്കന്മാർക്കുള്ള അടിയും കൂടിയാണ് ഈ സിനിമ.സമൂഹത്തിന്റെ പൊതുബോധത്തിന് ദഹിക്കാത്ത തരത്തിൽ പെൺകുട്ടികൾ സംസാരിച്ചാൽ അവരെ ഫെമിനിസ്റ്റുകൾ ആയി ബ്രാൻഡ് ചെയ്യുന്ന രീതിയുടെ നേർചിത്രം കൂടിയാണ് സാറാസ്.

സാറാ എന്ന കേന്ദ്ര കഥാപാത്രമായി അന്ന ബെന്നും സാറയുടെ ഭർത്താവായ ജീവൻ എന്ന കഥാപാത്രമായി സണ്ണി വെയ്നും ഒപ്പം ജീവന്റെ അമ്മയായി മല്ലിക സുകുമാരനും ജീവന്റെ സഹോദരി കൂടിയായ Dr.സന്ധ്യ എന്ന forensic surgeon ആയി ധന്യ വർമയും ഗൈനക്കോളജിസ്റ്റായി സിദ്ധിക്കുമെത്തുന്ന ചിത്രത്തിൽ സാറയുടെ അച്ഛനായി എത്തുന്നത് അന്നയുടെ യഥാർത്ഥ അച്ഛനും തിരക്കഥാകൃത്തുമായ ബെന്നി പി നായരമ്പലം ആണ്. 'കളക്കൂർ ബ്രോ' എന്ന പ്രശാന്ത് നായർ ഒരു പ്രധാന വേഷത്തിൽ എത്തുന്നു എന്നുള്ളതാണ് ഈ സിനിമയുടെ മറ്റൊരു പ്രത്യേകത.സന്ധ്യയുടെ കുട്ടികളായ ഇഷയും ഇവാനും ആയി മോഡലും സീരിയൽ താരവുമായ വൃദ്ധി വിശാലും അസ്ലാൻ മുഹമ്മതും എത്തുന്നു.ഇവരോടൊപ്പം മീര നായരും സൃന്ദയും കോട്ടയം പ്രദീപും സിജു വിൽസണും വിജയകുമാറും ഈ ചിത്രത്തിൽ അഭിനേതാക്കളായി എത്തുന്നു.ഒപ്പം അജു വർഗീസ് വിനീത് ശ്രീനിവാസൻ ഷാൻ റഹ്മാൻ എന്നിവരുടെ cameo യും.

അഭിനയത്തിന്റെ കാര്യത്തിൽ എപ്പോഴത്തെയും പോലെ മല്ലിക

സുകുമാരൻ റീത്താമ്മയായി ജീവിച്ചു കാണിച്ചു തന്നു. റീത്താമ്മ പലപ്പോഴും നമ്മൾ ചുറ്റും കാണുന്ന പല അമ്മമാരുടെയും പ്രതീകം കൂടിയാണ്. ഇത്രയും ഗൗരവം നിറഞ്ഞ വിഷയം വളരെ ലൈറ്റ് ആയി ചെറിയ നർമങ്ങൾ കലർത്തി പറഞ്ഞു വെച്ച സിനിമയുടെ ആഖ്യാന രീതി തീർച്ചയായും പ്രശംസ അർഹിക്കുന്നു.ഡയലോഗുകളുടെ അതിപ്രസരമില്ലാതെ പലപ്പോഴും മുഖത്തെ ഭാവങ്ങൾ കൊണ്ടും ആക്ഷേപ ഹാസ്യം നിറഞ്ഞ ഒരൊറ്റ ഡയലോഗിലൂടെ തന്നെ കഥാപാത്രങ്ങൾ നമ്മോട് സംവദിക്കുന്നു എന്നതാണ് സിനിമയുടെ മറ്റൊരു പ്രത്യേകതയായി തോന്നിയത്.അത്തരമൊരു റിയലിസ്റ്റിക് രീതിയിൽ സാറയെ പ്രേക്ഷകർക്ക് മുൻപിൽ കൃത്യമായി എത്തിച്ചു തരുന്നതിൽ അന്ന ബെന്നിന്റെ കുട്ടിത്തവും ചിരിയും നിറഞ്ഞ മുഖവും സംസാര രീതിയും അഭിനയവും വിജയിച്ചതായി തന്നെ തോന്നി.തികച്ചും വ്യത്യസ്തമായ പ്രമേയങ്ങൾ ഉള്ള സിനിമ തിരഞ്ഞെടുക്കുന്നതിൽ അന്ന ബെൻ എന്ന നടി കാണിക്കുന്ന ശ്രദ്ധയും അഭിനന്ദിക്കപ്പെടേണ്ടത് തന്നെ.ജീവൻ എന്ന ഭർത്താവ് പ്രണയിക്കുന്ന കാലത്ത് പെൺകുട്ടികളെ പ്രീതിപ്പെടുത്താൻ വേണ്ടി പഞ്ചാര വർത്തമാനം പറയുകയും ഒടുവിൽ കല്യാണം കഴിഞ്ഞു ജോലിയും career ഒക്കെ സ്വപ്നമാകുന്ന കാലത്ത് എളുപ്പത്തിൽ കൊടുത്ത വാക്ക് കാറ്റിൽ പറത്തുന്ന ഒരു സാധാരണ ഭർത്താവ് അല്ലെങ്കിൽ പുരുഷനെ പോലെ തോന്നി.ഒപ്പം കുറച്ചു കള്ളത്തരം കൂടി കയ്യിൽ ഉള്ളയാളാണോ എന്നൊരു സംശയവും ഇല്ലാതില്ല.എങ്കിലും ഒടുവിൽ കാര്യങ്ങൾ ശരിയായി മനസ്സിലാക്കുകയും സാറയ്ക്ക് പൂർണ്ണ പിന്തുണ നല്കി കൂടെ നിൽക്കുകയും ചെയ്യുന്നുണ്ട്.സിദ്ധിക്കിന്റെയും വൃദ്ധി എന്ന കൊച്ചു മിടുക്കിയുടെ അഭിനയവും വളരെ നന്നായിരുന്നു.oso ലെ പൂജയുടെയും മാത്യുവിന്റെയും പോലെയൊരു അച്ഛൻ മകൾ ബന്ധം തന്നെ സാറയും അച്ഛനായ വിൻസെന്റും തമ്മിൽ ജൂഡ് ഇതിലും ഉദ്ദേശിച്ചത് എന്ന് തോന്നി. കുറച്ചു സീനുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂവെങ്കിലും അത് പറയാനും മാത്രമൊന്നും ഉള്ളതായി തോന്നുന്നില്ല.ധന്യയുടെ സന്ധ്യ എന്ന കഥാപാത്രത്തിന്റെ സംസാരത്തിന് ചില സീനുകളിൽ കൃത്രിമത്വം അനുഭവപ്പെട്ടു.

തുടക്കത്തിൽ എവിടേക്കോ വേഗത്തിൽ ഓടി കൊണ്ടിരുന്ന സിനിമയ്ക്ക് രണ്ടാം പകുതിയിൽ ചെറിയ ലാഗ് ഉള്ളതായും തോന്നി.ഇടയ്ക്ക് ഒരു സീനിൽ ഒരു ഇംഗ്ലീഷ് വാക്കിന്റെ ഉച്ചാരണ പിശകും സ്പെഷ്യമാണ്.ഇതൊക്കെ ആണെങ്കിലും അവസാനത്തെ കുറച്ചു ഭാഗങ്ങളിൽ എന്തോ ഒരു വ്യക്തതയില്ലായ്മ അനുഭവപ്പെട്ടു.

കൂടുതലായും ഒരു പെൺകുട്ടിയുടെ career സ്വപ്നങ്ങളും ജോലി സംബന്ധമായ വിഷയങ്ങളുമാണ് കാണിക്കുന്നതെങ്കിലും സിനിമ പറഞ്ഞു വെയ്ക്കുന്നത് വളരെയധികം കാലികപ്രസക്തമായിട്ടുള്ള ഒരു സന്ദേശമാണ്.പെണ്ണായി പിറന്നത് കൊണ്ടു മാത്രം പ്രസവിക്കണം എന്നില്ല എന്നുള്ളതാണ് അത്.ഒപ്പം മാതൃത്വം എന്നത് എല്ലാവർക്കും must അല്ല,

മറിച്ചു അത് ഓരോ വ്യക്തിയുടെയും താത്പര്യങ്ങളും സാഹചര്യവും അനുസരിച്ചു തീരുമാനം എടുക്കേണ്ട തികച്ചും വ്യക്തിപരമായ choice ആണെന്നും അതിൽ കുടുംബക്കാർ ഉൾപ്പെടെ ഒരു ബാഹ്യ വ്യക്തിയുടെയും നിർബന്ധങ്ങൾക്കോ അഭിപ്രായത്തിനോ സ്ഥാനമില്ലെന്നുമാണ് സിനിമ നമുക്ക് കാണിച്ചു തരുന്നത്.ദമ്പതികൾ ഒരുമിച്ചു തീരുമാനമെടുക്കേണ്ട വിഷയം ആണെങ്കിലും ആത്യന്തികമായി അതിൽ തീരുമാനം എടുക്കാനുള്ള അവകാശം ആ ഭാര്യയ്ക്ക് അല്ലെങ്കിൽ സ്ത്രീകൾക്കാണ് എന്നുള്ളതാണ്.കുട്ടികൾ വേണമെന്ന് ആഗ്രഹം തോന്നുകയും parenthood അഥവാ രക്ഷകർതൃത്വത്തിനായി മനസികമായി തയ്യാറായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ഒരു സ്ത്രീ ഗർഭം ധരിക്കേണ്ടത് എന്നുള്ളതാണ് മറ്റൊന്ന്.

സ്ത്രീ പക്ഷ സിനിമകൾ പൊതുവെ നേരിടുന്ന ഒരു വിമർശനമാണ് ഒടുവിൽ അണിയറ പ്രവർത്തകരുടെ പേരുകൾ എഴുതി കാണിക്കുമ്പോൾ മറ്റു സിനിമകളിലെ പോലെ തന്നെ പുരുഷന്മാരുടെ പേരുകളാണ് ആദ്യം എഴുതുന്നതെന്നും സ്ത്രീ സ്വാതന്ത്ര്യവും ശാക്തീകരണവും ഒക്കെ പ്രമേയമാക്കുന്ന സിനിമകൾ എന്താണ് അതിൽ പോലും മാറ്റം വരുത്താത്തത് എന്നുള്ളതും.ആ രീതിയ്ക്കും മാറ്റം വരുത്തിയ സിനിമ എന്ന നിലയിലും Sara's പ്രശംസയർഹിക്കുന്നു.അതുകൊണ്ട് മൊത്തത്തിൽ നന്നാകുമെന്നല്ല കാലാനുസൃതവും പുരോഗമനപരവുമായ മാറ്റങ്ങൾ സമൂഹത്തിൽ അനിവാര്യമാണ് എന്നത് കൊണ്ടു അതും ഒരു പ്രതീക്ഷ നല്കുന്ന കാര്യം തന്നെ.

ഒരു വശത്തു ലോകവും രാജ്യവുമൊക്കെ ഒരുപാട് പുരോഗമിക്കുമ്പോഴും, ചില കാര്യങ്ങൾ വരുമ്പോൾ നമ്മുടെ സമൂഹത്തിന്റെ ചിന്തകളും സ്ത്രീകളോടുള്ള മനോഭാവവും നിലപാടുകളും
ഒപ്പം ഇവിടുത്തെ ജനങ്ങളുടെ ആസ്വാദന നിലവാരവും എത്രമാത്രം ഇടുങ്ങിയതാണെന്നുള്ളത് ഈ സിനിമയ്ക്ക് ഏല്ക്കേണ്ടതായി വരുന്ന വിമർശനങ്ങളും കീറി മുറിക്കലുകളും വീണ്ടും നമുക്ക് വെളിപ്പെടുത്തി തരുന്നു.

ഉദാഹരണത്തിന്, കുട്ടികളെ ഇഷ്ടമില്ലാത്ത നായകനും നായികയും എന്നുള്ള രീതിയിൽ അതിനെ സമർത്ഥിക്കാനുതകുന്ന പല കാര്യങ്ങളും സിനിമയിൽ കാണിക്കുന്നുണ്ട്.ഭൂരിപക്ഷവും സിനിമ എന്നതിനപ്പുറമൊരു വികാരപരമായ സമീപനം സ്വീകരിക്കുന്നത് കൊണ്ടു തന്നെ അവയത്രയും പ്രേക്ഷകർ ഇഴ കീറി മുറിച്ചു വിമർശിക്കുന്നുമുണ്ട്.നമ്മുടെ ജീവിതത്തിലും നടക്കാൻ സാധ്യതയുള്ള അത്തരം സാഹചര്യങ്ങളിൽ നമ്മളാണെങ്കിൽ എന്ത് തോന്നും എന്ന് ചിന്തിച്ചാൽ തീരാവുന്ന പ്രശ്നത്തിനും അപ്പുറം ഇത്രയും കോലാഹലങ്ങൾ ഒന്നും ഈ സിനിമയ്ക്ക് ഇല്ലെന്നുള്ളതാണ് സത്യം.സിനിമ അബോർഷൻ പ്രോത്സാഹിപ്പിക്കുന്നു എന്നുള്ളതാണ് മറ്റൊരു പ്രാധാന വിമർശനം.സാറ എന്ന കഥാപാത്രത്തിന്റെ കാര്യത്തിൽ പോലും അതേ പറ്റി വ്യക്തമായ

രീതിയിൽ സിനിമ ചർച്ച ചെയ്യുന്നില്ല എന്നുള്ളതാണ് സത്യം. അത്തരമൊരു സാഹചര്യത്തിൽ ആ വിമർശനത്തിന് യാതൊരു അടിസ്ഥാനവും ഇല്ല തന്നെ.നമ്മൾ മനസ്സിലാക്കേണ്ടതും ഉൾകൊള്ളേണ്ടതുമായ വലിയൊരു സന്ദേശം നല്കുന്ന നല്ലൊരു feel good entertainer തന്നെയാണ് Sara's ഈ കുഞ്ഞു സിനിമ.